**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **27.10.2011-ൽ മറുപടിയ്ക്ക്**
**ചോദ്യം നമ്പർ.5715**

# കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | **ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)** |
| എ. ആറ്റിങ്ങൽ മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ : | എ. പി.എം.ജി.എസ്.വൈ. ആണ് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പിൻ കീഴിൽ നടപ്പിലാക്കി **വരുന്ന** കേന്ദ്രാവിഷ്കൃത പദ്ധതി. |
| ബി. ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര വർക്കുകൾ നടന്നുവരുന്നു; | ബി. 7 പ്രവൃത്തികളാണ് നടന്നുവരുന്നത്. |
| സി. ഓരോ റോഡ് നിർമ്മാണത്തിന്റെയും അടങ്കൽ തുക വ്യക്തമാക്കാമോ; ഓരോ വർക്കിന്റെയും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്; ഓരോ വർക്കിനും കരാറുകാർ എത്ര തുകവീതമാണ് കൈപ്പറ്റിയിരിക്കുന്നത്; വിശദമാക്കാമോ ; | സി. **വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| ഡി. പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ ? | ഡി. കോൺട്രാക്ടർ ശ്രീ. മനാഫ് WP (C) 10199/11 നമ്പർ ആയി ബഹു.ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും **അതിലെ** വിധി ന്യായ**ത്തിന്റെ** അടിസ്ഥാനത്തിൽ **സൂപ്രണ്ടിംഗ്** എഞ്ചിനിയർ **പരാതി** തീർപ്പാക്കുകയും പ്രസ്തുത നടപടിക്കെതിരെ ശ്രീ.മനാഫ് കരാർ വ്യവസ്ഥയിൽ പറയുന്ന പ്രകാരം സ്റ്റാന്റിംഗ് എംപവേർഡ് കമ്മിറ്റി മുമ്പാകെ **തർക്കപ്രശ്നം ഉന്നയിക്കുന്നതിനായി SEC രൂപീകരിക്കുന്നതിന് അപേക്ഷ നൽകുകയും ചെയ്തു. ഈ അപേക്ഷയിൽ മേൽ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ** നഗരൂർ ഐരാണി മുക്ക് റോഡ് സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ **ലഭിച്ച** ഒരു പൊതു താൽപര്യ **ഹർജിയിൻമേൽ സൂപ്രണ്ടിംഗ്** എഞ്ചിനിയറുടെ അഭിപ്രായം ബഹുമാനപ്പെട്ട രജിസ്ട്രാർ ആവശ്യപ്പെടുകയും **ആയത്** സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

റോഡുകളെ സംബന്ധിക്കുന്ന വിശദ വിവരം ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | കരാറുകാരന്റെ പേര് | കരാറുകാരൻ കൈപ്പറ്റിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| നഗരൂർ - ഈരാണിമുക്ക് | 140.68 | ശ്രീ.എ.മനാഫ് | 37.40 |
| മലയമഠം - കടമ്പ്രാവാരം | 127.24 | | 59.41 |
| കട്ടുവെട്ടി - കൈലാസംകുന്ന | 139.03 | | 41.03 |
| തട്ടത്തുമല - ഷെഡ്ഡിക്കട | 225.57 | ശ്രീ.എ.നിസാമുദ്ദീൻ | 220.32 |
| വയ്യാറ്റിൻകര - പൊറ്റയിൽ | 176.83 | | 170.83 |
| അയിലം - അതിർത്തിമുക്ക് | 93.24 | ശ്രീ.എ.മനാഫ് | 74.85 |
| പൊയ്കമുക്ക് - മുടിയൂർക്കോണം | 36.52 | | 33.78 |

സെക്ഷൻ ഓഫീസർ